**മധുരമായ കുട്ടികളേ – ജ്ഞാനയോഗത്തിലൂടെയാണ് നിശ്ചയം ഉണ്ടാകുന്നത്, സാക്ഷാത്ക്കാരത്തിലൂടെയല്ല. സാക്ഷാത്ക്കാരവും ഡ്രാമയിൽ അടങ്ങിയതാണ്, അല്ലാതെ അതിലൂടെ ആരുടേയും മംഗളം ഉണ്ടാകുന്നില്ല.**

**ചോദ്യം:–** ബാബ ഏതൊരു ശക്തിയാണ് കാണിക്കാത്തത്, ബാബയുടെ പക്കൽ ഏത് മന്ത്രവിദ്യയാണുള്ളത്?
**ഉത്തരം:–** ഭഗവാൻ ശക്തിശാലിയാണ്, ഭഗവാന് മരിച്ചവരെപ്പോലും ജീവിപ്പിക്കാൻ സാധിക്കുമെന്ന് മനുഷ്യർ കരുതുന്നു. എന്നാൽ ബാബ പറയുന്നു ഈ ശക്തി ഞാൻ കാണിക്കുന്നില്ല. ബാക്കി ആരാണോ തീവ്രഭക്തി ചെയ്യുന്നത് അവർക്ക് സാക്ഷാത്ക്കാരം നൽകുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. സാക്ഷാത്ക്കാരം നൽകുന്നതിനുള്ള മന്ത്രവിദ്യ ബാബയുടെ പക്കലുണ്ട് അതിനാലാണ് പല കുട്ടികൾക്കും വീട്ടിൽ ഇരിക്കുമ്പോൾത്തന്നെ ബ്രഹ്മാവിന്റേയോ അല്ലെങ്കിൽ കൃഷ്ണന്റേയോ സാക്ഷാത്ക്കാരം ഉണ്ടാകുന്നത്.

**ഗീതം:–** ആരാണ് എന്റെ മനസ്സിന്റെ വാതിൽക്കൽ വന്നത്....

**ഓം ശാന്തി.** ഇത് കുട്ടികളുടെ അനുഭവത്തിന്റെ ഗീതമാണ്. സത്സംഗങ്ങൾ അനവധിയുണ്ട്, പ്രത്യേകിച്ച് ഭാരതത്തിൽ ഒരുപാട് സത്സംഗങ്ങളുണ്ട്, അനേകം മത മതാന്തരങ്ങളുണ്ട്, വാസ്തവത്തിൽ അതൊന്നും സത്സംഗങ്ങളല്ല. സത്സംഗം ഒന്നേയുള്ളു. ബാക്കി അവിടെ നിങ്ങൾ ഏതെങ്കിലും വിദ്വാൻ, ആചാര്യൻ, പണ്ഢിതൻ മുതലായവരിൽ നിന്നും കേൾക്കുന്നു, ബുദ്ധി അവരിലേക്കാണ് പോകുന്നത്. ഇവിടെയാണെങ്കിൽ വ്യത്യസ്തമായ കാര്യമാണ്. ഈ സത്സംഗം ഒരേയൊരു തവണ ഈ സംഗമയുഗത്തിലാണ് നടക്കുന്നത്. ഇത് തീർത്തും വളരെ പുതിയ കാര്യമാണ്, ആ പരിധിയില്ലാത്ത ബാബക്ക് ശരീരവുമില്ല. പറയുന്നു, ഞാൻ നിങ്ങളുടെ നിരാകാരനായ ശിവബാബയാണ്. നിങ്ങൾ മറ്റു സത്സംഗങ്ങളിൽ പോകുമ്പോൾ ശരീരത്തെയാണ് കാണുന്നത്. ശാസ്ത്രത്തെ ഓർമ്മിച്ച് പിന്നീട് കേൾപ്പിക്കുന്നു, അനേക പ്രകാരത്തിലുള്ള ശാസ്ത്രങ്ങളുണ്ട്. അതെല്ലാം നിങ്ങൾ ജന്മ ജന്മാന്തരങ്ങളായി കേട്ടുവന്നു. ഇപ്പോൾ ഇത് പുതിയ കാര്യമാണ്. ബുദ്ധികൊണ്ടാണ് ആത്മാവ് അറിയുന്നത്, ബാബ പറയുന്നു– അല്ലയോ എന്റെ കളഞ്ഞുപോയി തിരികെക്കിട്ടിയ മക്കളേ, അല്ലയോ എന്റെ സാളിഗ്രാമങ്ങളേ! നിങ്ങൾ കുട്ടികൾക്കറിയാം 5000 വർഷങ്ങൾക്ക് മുൻപും ബാബ ഈ ശരീരത്തിലൂടെ നമ്മെ പഠിപ്പിച്ചിരുന്നു. നിങ്ങളുടെ ബുദ്ധി തീർത്തും ദൂരേക്ക് സഞ്ചരിക്കുന്നു. അപ്പോൾ ബാബ വന്നിരിക്കുകയാണ്. ബാബാ എന്ന വാക്ക് എത്ര മധുരമാണ്. ബാബ മാതാവും, പിതാവുമാണ്. ആരെങ്കിലും കേൾക്കുകയാണെങ്കിൽ ഇവരുടെ മാതാപിതാവ് ആരാണ്? എന്ന് ചോദിക്കും നല്ലരീതിയിൽ ഇത് സാക്ഷാത്ക്കാരം ചെയ്താലും അതിലും സംശയിക്കുന്നു. ഇടക്ക് ബ്രഹ്മാവിനെയും, ഇടക്ക് കൃഷ്ണനെയും കാണുന്നു. അതിനാൽ ഇത് എന്താണ് എന്ന് ചിന്തിച്ചുകൊണ്ടിരിക്കും. ഒരുപാട് പേർക്ക് വീട്ടിൽ ഇരിക്കെത്തന്നെ ബ്രഹ്മാവിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ഇപ്പോൾ ബ്രഹ്മാവിനെ ആരും പൂജിക്കുന്നില്ല. കൃഷ്ണന്റെ പൂജ ചെയ്യുന്നുണ്ട്. ബ്രഹ്മാവിനെ ആർക്കും അറിയുകയില്ല. പ്രജാപിതാ ബ്രഹ്മാവ് ഇപ്പോഴാണ് വന്നത്, ഇതാണ് പ്രജാപിതാവ്. ബാബ ഇരുന്ന് മനസ്സിലാക്കിത്തരികയാണ് മുഴുവൻ ലോകവും പതിതമാണെങ്കിൽ തീർച്ചയായും വളരെയധികം ജന്മങ്ങളുടെ അന്തിമത്തിൽ ഇവരും പതിതമാണ്. ആരും പാവനമായവരില്ല, അതിനാലാണ് കുംഭമേളയിലും, ഹരിദ്വാറിലും ഗംഗ സാഗരത്തിൽ ലയിക്കുന്നത് കാണാൻ പോകുന്നത്, സ്നാനം ചെയ്യുന്നതിലൂടെ പാവനമായി മാറും എന്നു കരുതുന്നു. എന്നാൽ ഈ നദികൾക്ക് പതീത പാവനിയാവാൻ സാധിക്കില്ല. നദികൾ സാഗരത്തിൽ നിന്നാണ് പുറപ്പെടുന്നത്. വാസ്തവത്തിൽ നിങ്ങളാണ് ജ്ഞാനഗംഗകൾ, മഹത്വം നിങ്ങളുടേതാണ്. നിങ്ങൾ ജ്ഞാനഗംഗകൾ എല്ലായിടത്തും ഒഴുകുന്നു, പിന്നീട് അവർ കാണിക്കുന്നത് അമ്പ് എയ്തപ്പോൾ ഗംഗ പുറത്തുവന്നു എന്നാണ്. അമ്പ് എയ്യുന്ന കാര്യമില്ല. ഈ ജ്ഞാനഗംഗകൾ ദേശ– വിദേശങ്ങളിലേക്ക് വരെ ഒഴുകുന്നു.

ശിവബാബ പറയുന്നു, ഞാൻ ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിതനാണ്. എല്ലാവരുടേയും പാർട്ട് നിശ്ചയിച്ചിട്ടുണ്ട്. എന്റെ പാർട്ടും നിശ്ചിതമാണ്. ചിലർ കരുതുന്നു ഭഗവാൻ വളരെ ശക്തിശാലിയാണ്, മരിച്ചവരെപ്പോലും ജീവിപ്പിക്കാൻ സാധിക്കും. ഇതെല്ലാം അസത്യമാണ്. ഞാൻ വരുന്നത് പഠിപ്പിക്കാനാണ്. ബാക്കി എന്ത് ശക്തി കാണിക്കാനാണ്. സാക്ഷാത്ക്കാരത്തിന്റെ മന്ത്രവിദ്യയുണ്ട്. തീവ്രഭക്തി ചെയ്യുകയാണെങ്കിൽ ഞാൻ സാക്ഷാത്ക്കാരം നൽകും. എങ്ങനെയാണോ കാളിയുടെ രൂപം കാണിക്കുന്നത്, കാളിയിൽ പിന്നീട് എണ്ണ സമർപ്പിക്കുന്നു. ഇപ്പോൾ ഇങ്ങനെയുള്ള കാളിയില്ല, എന്നാൽ കാളിയുടെ തീവ്രഭക്തി ഒരുപാടുപേർ ചെയ്യുന്നു. വാസ്തവത്തിൽ കാളി ജഗദംബയാണ്. കാളിയുടെ രൂപം ഇങ്ങനെയല്ല, എന്നാൽ

തീവ്ര ഭക്തി ചെയ്യുന്നതിലൂടെ ബാബ ഭാവനക്കുള്ള ഫലം നൽകുന്നു. കാമചിതയിൽ ഇരിക്കുന്നതിലൂടെ കറുത്തവരായി മാറി, ഇപ്പോൾ ജ്ഞാനചിതയിൽ ഇരുന്ന് വെളുത്തവരാകുന്നു. ഏത് കാളിയാണോ ഇപ്പോൾ ജഗദംബയായിരിക്കുന്നത് അവർ എങ്ങനെ സാക്ഷാത്ക്കാരം നൽകും. ബാബ മനസ്സിലാക്കിത്തരുന്നു ഈ സാക്ഷാത്ക്കാരത്തിന്റെ ചാവി എന്റെ കൈയ്യിലാണ്. അല്പകാലത്തിലേക്ക് ഭാവന പൂർത്തീകരിക്കാനായി സാക്ഷാത്ക്കാരം നൽകുന്നു. എന്നാൽ അവരൊന്നും എന്റെ അടുത്തെത്തുന്നില്ല.കാളിയുടെ ഉദാഹരണം നൽകുകയാണ്. ഈ രീതിയിൽ ഒരുപാടുപേരുണ്ട്– ഹനുമാൻ, ഗണേശൻ മുതലായവർ. സിക്കുകാർ ഗുരുനാനാക്കിന്റെ ഭക്തി ഒരുപാട് ചെയ്യുമ്പോൾ അവർക്കും സാക്ഷാത്ക്കാരമുണ്ടാകും. എന്നാൽ അതിലൂടെ താഴേക്കാണ് വരുന്നത്. ബാബ കുട്ടികൾക്ക് കാണിച്ചുതരികയാണ്, നോക്കൂ ഇവർ ഗുരുനാനാക്കിന്റെ ഭക്തിയാണ് ചെയ്യുന്നത്. എന്നാൽ സാക്ഷാത്ക്കാരം ചെയ്യിക്കുന്നത് ഞാനാണ്. ഗുരുനാനാക്ക് എങ്ങനെ സാക്ഷാത്ക്കാരം ചെയ്യിക്കും. അവരുടെ കൈയ്യിൽ സാക്ഷാത്ക്കാരം ചെയ്യിക്കുന്നതിനുള്ള ചാവിയില്ല. ഈ ബാബ പറയുന്നു എനിക്ക് വിനാശം, സ്ഥാപന എന്നിവയുടെ സാക്ഷാത്ക്കാരം ആ ബാബയാണ് കാണിച്ചുതന്നത്, എന്നാൽ സാക്ഷാത്ക്കാരത്തിലൂടെ ആരുടേയും മംഗളം ഉണ്ടാകുന്നില്ല. ഇങ്ങനെ ഒരുപാട് പേർക്ക് സാക്ഷാത്ക്കാരം ഉണ്ടായിട്ടുണ്ട്. അവർ ഇന്നില്ല. വളരെയധികം കുട്ടികൾ പറയാറുണ്ട് , എപ്പോൾ ഞങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടാകുന്നുവോ അപ്പോൾ നിശ്ചയം ഉറക്കും. എന്നാൽ സാക്ഷാത്ക്കാരത്തിലൂടെ നിശ്ചയം ഉണ്ടാവുക സാധ്യമല്ല. നിശ്ചയമുണ്ടാകുന്നത് ജ്ഞാനയോഗത്തിലൂടെയാണ്. 5000 വർഷങ്ങൾക്ക് മുൻപും ഞാൻ പറഞ്ഞിരുന്നു, ഈ സാക്ഷാത്ക്കാരം ഞാനാണ് ചെയ്യിക്കുന്നത്. മീരയും സാക്ഷാത്ക്കാരം കണ്ടിരുന്നു. ആത്മാവ് അവിടേക്ക് പോയി എന്നല്ല. ഇരിക്കെ തന്നെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. എന്നാൽ എന്നെ പ്രാപ്തമാക്കാൻ ആർക്കും സാധിക്കില്ല.

ബാബ പറയുന്നു, ഏതുപ്രകാരത്തിലുള്ള സംശയമാണെങ്കിലും ശരി ഏത് ബ്രാഹ്മിണിയോട് വേണമെങ്കിലും ചോദിച്ചോളൂ. ഇതും അറിയാം കുട്ടികൾ നമ്പർവൈസാണ്, നദികളും നമ്പർവൈസ് ആയിരിക്കും. ചിലർ കുളങ്ങളാണ്, വളരെ മോശമാണ്, ദുർഗന്ധം വമിക്കുന്ന വെള്ളമായിരിക്കും. അവിടേക്കും വളരെ ഭാവനയോടെ മനുഷ്യർ പോകുന്നു. അതാണ് ഭക്തിയുടെ അന്ധവിശ്വാസം. ഒരിക്കലും ആരെയും ഭക്തിയിൽ നിന്നും വേർപെടുത്തരുത്. എപ്പോൾ ജ്ഞാനത്തിലേക്ക് വരുന്നുവോ അപ്പോൾ സ്വതവേ ഭക്തി ഉപേക്ഷിക്കും. ബാബയും നാരായണന്റെ ഭക്തനായിരുന്നു, ചിത്രത്തിൽ ലക്ഷ്മി, ദാസിയെപ്പോലെ കാല് തടവുന്നത് കണ്ടു അപ്പോൾ അത് തീർത്തും നല്ലതായി തോന്നിയില്ല. സത്യയുഗത്തിൽ ഇങ്ങനെയുണ്ടാകില്ല. അതിനാൽ ഞാൻ ഒരു ചിത്രകാരനോട് ഈ ദാസിപ്പണിയിൽ നിന്നും ലക്ഷ്മിക്ക് മോചനം നൽകാൻ ആവശ്യപ്പെട്ടു. ബാബ ഭക്തനായിരുന്നു, ജ്ഞാനം ഉണ്ടായിരുന്നില്ല. എല്ലാവരും ഭക്തരാണ്. നമ്മളാണെങ്കിൽ ബാബയുടെ അധികാരി കുട്ടികളാണ്. ബ്രഹ്മാണ്ഢത്തിന്റേയും അധികാരിയാക്കി മാറ്റുന്നത് കുട്ടികളെയാണ്. പറയുന്നു നിങ്ങൾക്ക് രാജ്യഭാഗ്യം നൽകുന്നു. ഇങ്ങനെയുള്ള അച്ഛനെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഈ അച്ഛനെ പൂർണ്ണമായും ഓർമ്മിക്കണം. ബാബയെ നിങ്ങൾക്ക് ഈ കണ്ണുകളിലൂടെ കാണാൻ കഴിയില്ല. ബാബയുമായി യോഗം വെക്കണം. ജ്ഞാനവും, യോഗവും വളരെ സഹജമാണ്. ബീജത്തേയും വൃക്ഷത്തേയും അറിയണം. നിങ്ങൾ ആ നിരാകാരീ വൃക്ഷത്തിൽ നിന്നും സാകാരീ വൃക്ഷത്തിലേക്ക് വന്നിരിക്കുകയാണ്. ബാബ സാക്ഷാത്ക്കാരത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തന്നു. വൃക്ഷത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തന്നു. കർമ്മം– അകർമ്മം– വികർമ്മത്തിന്റെ ഗതിയും ബാബ മനസ്സിലാക്കിത്തന്നു. അച്ഛൻ, ടീച്ചർ, ഗുരു മൂന്നുപേരിൽ നിന്നും പഠിപ്പ് ലഭിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് ഇങ്ങനെയുള്ള പഠിപ്പാണ് നൽകുന്നത്, ഇങ്ങനെയുള്ള കർമ്മങ്ങളാണ് പഠിപ്പിക്കുന്നത് ഇതിലൂടെ നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് സദാ സുഖിയായി മാറുന്നു. ടീച്ചർ പഠിപ്പിക്കുമല്ലോ. ഗുരുക്കന്മാരും പവിത്രതയുടെ പാഠം പഠിപ്പിക്കും അഥവാ കഥകൾ കേൾപ്പിക്കും. എന്നാൽ ഒന്നും ധാരണയാവുന്നില്ല. ഇവിടെയാണെങ്കിൽ ബാബ പറയുന്നു, അന്തിമ ബുദ്ധി പോലെയാണ് ഗതിയുണ്ടാവുക. മനുഷ്യൻ മരിക്കുന്ന സമയത്ത്, രാമ രാമാ എന്നു പറയൂ അപ്പോൾ ബുദ്ധി അവിടേക്ക് പോകും... എന്ന് പറയാറുണ്ട്. ഇപ്പോൾ ബാബ പറയുന്നു, നിങ്ങൾക്ക് സാകാരവുമായുള്ള യോഗം മുറിഞ്ഞു. ഇപ്പോൾ നിങ്ങളെ ഞാൻ വളരെ നല്ല കർമ്മങ്ങൾ പഠിപ്പിക്കുന്നു. ശ്രീകൃഷ്ണന്റെ ചിത്രം നോക്കൂ, പഴയ ലോകത്തെ തട്ടിയകറ്റി പുതിയ ലോകത്തിലേക്ക് വരുന്നു. നിങ്ങളും പഴയ ലോകത്തെ തട്ടിയകറ്റി പുതിയ ലോകത്തിലേക്ക് പോകുന്നു. അതിനാൽ നിങ്ങളുടെ കാലുകൾ നരകത്തിനുനേർക്കാണ്, മുഖം സ്വർഗ്ഗത്തിനുനേർക്കാണ്. ശ്മശാനത്തിനുള്ളിലേക്ക് പ്രവേശിക്കുമ്പോൾ മൃതശരീരത്തിന്റെ മുഖം മറുവശത്തേക്ക് തിരിക്കുന്നു. കാല് പിറകിലേക്കുമാക്കുന്നു. ഈ ചിത്രവും അങ്ങനെ നിർമ്മിച്ചതാണ്.

മമ്മ, ബാബ, പിന്നെ നിങ്ങൾ കുട്ടികൾ, നിങ്ങൾക്ക് മമ്മാ–ബാബയെ ഫോളോ ചെയ്യണം, എങ്കിലേ അവരുടെ സിംഹാസനത്തിൽ ഇരിക്കാൻ സാധിക്കൂ. രാജാവിന്റെ കുട്ടികളെ രാജകുമാരൻ, രാജകുമാരി എന്നല്ലേ

വിളിക്കുക. നിങ്ങൾക്കറിയാം, നമ്മൾ ഭാവിയിൽ രാജകുമാരനും, രാജകുമാരിയുമായി മാറും. ഇങ്ങനെയുള്ള കർമ്മം നിങ്ങളെ പഠിപ്പിക്കുന്ന അച്ഛനോ ടീച്ചറോ സദ്ഗുരുവോ വേറെയുണ്ടോ! നിങ്ങൾ സദാകാലത്തേക്ക് സുഖിയായി മാറും. ഇത് ശിവബാബയുടെ വരമാണ്, ബാബ ആശീർവ്വാദം നൽകുകയാണ്. ഞങ്ങളുടെ മേൽ ബാബയുടെ കൃപയുണ്ട് എന്നല്ല, കേവലം പറയുന്നതുകൊണ്ട് ഒന്നും സംഭവിക്കില്ല. നിങ്ങൾക്ക് പഠിക്കണം. കേവലം ആശീർവാദത്തിലൂടെ നിങ്ങൾ ആയിത്തീരില്ല. ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കണം. ജ്ഞാനയോഗത്തിന്റെ ധാരണയുണ്ടാവണം. ബാബ മനസ്സിലാക്കിത്തരുന്നു മുഖത്തിലൂടെ രാമ-രാമാ എന്ന് പറയുന്നതും ശബ്ദമുണ്ടാക്കലാണ്. നിങ്ങൾക്കാണെങ്കിൽ ശബ്ദത്തിനും ഉപരി പോകണം. മൗനമായിരിക്കണം. വളരെ നല്ല-നല്ല കളികളും വരുന്നുണ്ട്. പഠിക്കാത്തവരെ ബുദ്ധു എന്നാണ് പറയുന്നത്. ബാബ പറയുന്നു നിങ്ങൾ ഇപ്പോൾ എല്ലാം മറന്ന് തീർത്തും ബുദ്ധുവായി മാറൂ. ഞാൻ നിങ്ങൾക്ക് എന്ത് നിർദ്ദേശമാണോ നൽകുന്നത് അതനുസരിച്ച് നടക്കൂ. പരംധാമത്തിൽ നിങ്ങൾ എല്ലാ ആത്മാക്കളും ശരീരമില്ലാതെ വസിക്കുന്നു പിന്നീട് ഇവിടെ വന്ന് ശരീരം എടുക്കുന്നു അപ്പോഴാണ് ജീവാത്മാവ് എന്ന് പറയുന്നത്. ആത്മാവ് പറയുന്നു, ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു ബാബ പറയുന്നു, ഞാൻ നിങ്ങളെ ഫസ്റ്റ് ക്ലാസ് കർമ്മമാണ് പഠിപ്പിക്കുന്നത്. ടീച്ചർ പഠിപ്പിക്കുന്നു, ഇതിൽ ശക്തി കാണിക്കുന്നതിന്റെ കാര്യമെന്താണ്. ബാക്കി സാക്ഷാത്ക്കാരം നൽകുന്നു, ഇതിനെ മാന്ത്രികവിദ്യ എന്നു പറയുന്നു. മനുഷ്യനിൽ നിന്നും ദേവതയായി മാറുക, ഇങ്ങനെയൊരു മാന്ത്രികവിദ്യ ആർക്കും ചെയ്യാൻ കഴിയില്ല. ബാബ വ്യാപാരി കൂടിയാണ്, പഴയത് എടുത്ത് പുതിയത് നൽകുന്നു. ഇതിനെ പഴയ ഇരുമ്പുപാത്രം എന്നാണ് പറയുന്നത്. ഒരു മൂല്യവുമില്ല. ഇന്നുകാലത്ത് ചെമ്പിനുപോലും വില ലഭിക്കുന്നില്ല. അവിടെയാണെങ്കിൽ സ്വർണ്ണനാണയങ്ങളാണ് ഉണ്ടാവുക. അത്ഭുതമല്ലേ. എന്തിൽ നിന്ന് എന്തായിമാറി!

ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് നമ്പർവൺ കർമ്മം പഠിപ്പിച്ചുതരുന്നു. മന്മനാഭവയായിത്തീരൂ. പിന്നീടാണ് പഠിപ്പ് ,ഇതിലൂടെ സ്വർഗ്ഗത്തിലെ രാജകുമാരനായി മാറും. ഇപ്പോൾ തീർത്തും ഇല്ലാതായിമാറിയ ദേവീദേവതാ ധർമ്മം വീണ്ടും സ്ഥാപിതമാവുകയാണ്. മനുഷ്യർ നിങ്ങളുടെ പുതിയ കാര്യങ്ങൾ കേട്ട് അത്ഭുതപ്പെടുന്നു, പറയുന്നു ഭാര്യയും ഭർത്താവും ഒരുമിച്ചിരുന്നുകൊണ്ടും പവിത്രമായിരിക്കുകയോ- ഇത് എങ്ങനെ സാധിക്കും! ബാബ പറയുന്നു തീർച്ചയായും ഒരുമിച്ച് കഴിഞ്ഞോളൂ, ഇല്ലെങ്കിൽ എങ്ങനെ അറിയാൻ സാധിക്കും. ഇടയിൽ ജ്ഞാനത്തിന്റെ വാളുണ്ടാകണം, ഇത്രയും ധീരത കാണിക്കണം. പരീക്ഷയുണ്ടാകും. അതിനാൽ മനുഷ്യർ ഈ കാര്യങ്ങളിൽ അത്ഭുതപ്പെടുന്നു എന്തുകൊണ്ടെന്നാൽ ശാസ്ത്രങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങളില്ല. ഇവിടെ പ്രാക്ടിക്കലായി പരിശ്രമം ചെയ്യണം. ഗാന്ധർവ്വവിവാഹത്തിന്റെ കാര്യം ഇവിടത്തേതാണ്. ഇപ്പോൾ നിങ്ങൾ പവിത്രമാവുകയാണ്. അതിനാൽ ബാബ പറയുന്നു, ധീരത കാണിക്കണം. സന്യാസിമാർക്കുമുന്നിൽ തെളിവ് നൽകണം. സമർത്ഥനായ ബാബയാണ് മുഴുവൻ ലോകത്തേയും പാവനമാക്കി മാറ്റുന്നത്. ബാബ പറയുന്നു, ഒരുമിച്ച് കഴിഞ്ഞോളൂ എന്നാൽ നഗ്നമാകരുത്. ഇതെല്ലാം യുക്തികളാണ്. വളരെ വലിയ പ്രാപ്തിയാണ് ലഭിക്കുക, കേവലം ഒരു ജന്മം ബാബയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പവിത്രമായിരിക്കണം. യോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും 21 ജന്മങ്ങളിലേക്ക് സദാ ആരോഗ്യവാനായി മാറുന്നു, ഇതിന് പരിശ്രമമുണ്ടല്ലോ. നിങ്ങളാണ് ശക്തിസേന. മായയുടെമേൽ വിജയം നേടി ജഗദ്ജീത്തായി മാറുന്നു. എല്ലാവരും ആകില്ലല്ലോ. ഏത് കുട്ടികളാണോ പുരുഷാർത്ഥം ചെയ്യുന്നത് അവരേ ആകുകയുള്ളൂ. നിങ്ങൾ ഭാരതത്തെത്തന്നെ പവിത്രമാക്കി മാറ്റി പിന്നീട് ഭാരതത്തിൽത്തന്നെ രാജ്യം ഭരിക്കുന്നു. യുദ്ധത്തിലൂടെ ഒരിക്കലും വിശ്വത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുക സാധ്യമല്ല. ഇത് അത്ഭുതമല്ലേ. ഈ സമയത്ത് എല്ലാവരും പരസ്പരം കലഹിച്ച് നശിച്ചുപോകുന്നു. വെണ്ണ ഭാരതത്തിനാണ് ലഭിക്കുന്നത്. നേടിത്തരുന്നത് വന്ദനം അർഹിക്കുന്ന മാതാക്കളാണ്. കൂടുതലുള്ളത് മാതാക്കളാണ്. ഇപ്പോൾ ബാബ പറയുന്നു, നിങ്ങൾ ജന്മ ജന്മാന്തരം ഗുരുക്കന്മാരെ പ്രാപ്തമാക്കി, ശാസ്ത്രങ്ങൾ പഠിച്ചാണ് വന്നത്. ഇപ്പോൾ ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ് - നിങ്ങൾ തന്നെ നിർണ്ണയിക്കൂ, ശരി എന്താണ്? സത്യയുഗമാണ് ധാർമ്മിക ലോകം. മായ പിന്നീട് അധാർമ്മികരാക്കി മാറ്റുന്നു. ഇപ്പോൾ ഭാരതവാസികൾ അധാർമ്മികരായി മാറിയിരിക്കുന്നു. ധാർമ്മികരല്ല അതിനാൽ ശക്തിയുമില്ല. അധാർമ്മികരും, നേരില്ലാത്തവരും, നിയമങ്ങൾ പാലിക്കാത്തവരും, ദരിദ്രരുമായി മാറിയിരിക്കുന്നു. പരിധിയില്ലാത്ത ബാബയാണ് അതിനാൽ പരിധിയില്ലാത്ത കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു, പറയുന്നു നിങ്ങളെ വീണ്ടും ധാർമ്മികരും അതിശക്തരുമാക്കി മാറ്റുകയാണ്. സ്വർഗ്ഗം നിർമ്മിക്കുക എന്നത് ശക്തരുടെ ജോലിയാണ്. എന്നാൽ ഗുപ്തമാണ്. സൂക്ഷ്മത്തിലുള്ള യോദ്ധാക്കളാണ്. ബാബക്ക് കുട്ടികളോട് വളരെയധികം സ്നേഹമുണ്ട്. നിർദ്ദേശങ്ങളും നൽകുന്നു. അച്ഛന്റെ മതം, ടീച്ചറുടെ മതം, ഗുരുവിന്റെ മതം, സ്വർണ്ണപ്പണിക്കാരന്റെ മതം, അലക്കുകാരന്റെ മതം- ഇതിൽ എല്ലാമതവും വരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ

വുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ഒരു അന്തിമജന്മത്തിൽ ബാബയുടെ നിർദ്ദേശം അനുസരിച്ച് നടന്ന് ഗൃഹസ്ഥത്തിൽ കഴിഞ്ഞു കൊണ്ടും പവിത്രമായിരിക്കണം. ഇതിൽ ധീരത കാണിക്കണം.

2) ശ്രീമതം അനുസരിച്ച് സദാ ശ്രേഷ്ഠ കർമ്മം ചെയ്യണം. ശബ്ദത്തിനും ഉപരി പോകണം, എന്തെല്ലാം പഠിച്ചിട്ടുണ്ടോ അല്ലെങ്കിൽ കേട്ടിട്ടുണ്ടോ അതിനെ മറന്ന് ബാബയെ ഓർമ്മിക്കണം.

## വരദാനം-പരിതസ്ഥിതികളെ സൗഭാഗ്യങ്ങളെന്ന് മനസ്സിലാക്കി തന്റെ നിശ്ചയത്തിന്റെ ഫൗണ്ടഷനെ ശക്തമാക്കുന്ന ഉറച്ചതും, ഇളകാത്തവരുമായി ഭവിക്കട്ടെ.

ഏത് പരിതസ്ഥിതികൾ മുന്നിൽ വരികയാണെങ്കിലും താങ്കൾ ഹൈജംപ് ചെയ്യുക.എന്തെന്നാൽ പരിതസ്ഥിതികൾ വരുന്നതും ഒരു ഭാഗ്യമാണ്(ഗുഡ്ലക്ക്).ഇത് നിശ്ചയത്തിന്റെ ഫൗണ്ടേഷനെ ഉറച്ചതാക്കാനുള്ള മാർഗ്ഗമാണ്.താങ്കൾ അംഗദന് സമാനം ഉറച്ചതായി മാറുകയാണെങ്കിൽ ഈ പരിതസ്ഥിതികൾ താങ്കൾക്കുമുന്നിൽ തലകുനിക്കും.ആദ്യം ഭയാനകമായ രൂപത്തിൽ വരും, പിന്നീട് ദാസിയായി മാറും.സാഹചര്യങ്ങളോട് ഞങ്ങൾ മഹാവീരന്മാരാണ് എന്നുപറഞ്ഞ് വെല്ലുവിളിക്കൂ.എങ്ങിനെയാണോ വെള്ളത്തിനുമുകളിൽ വരവരച്ചാൽ കാണാത്തത് അതുപോലെ മാസ്റ്റർ സാഗരനായ എന്റെ മുന്നിൽ ഒരു പരിതസ്ഥിതിക്കും യുദ്ധം ചെയ്യാനാകില്ല.സ്വസ്ഥിതിയിൽ ഇരിക്കുന്നതിലൂടെ ഉറച്ചതും, ഇളകാത്തതുമായിത്തീരുന്നതാണ്.

## സ്ലോഗൻ: പഴയവർഷത്തെ യാത്രയയക്കുന്നതിനൊപ്പം,കയ്പ്പേറിയ സ്വഭാവങ്ങൾക്കും യാത്രയയപ്പുനൽകൂ..

**അവ്യക്തസൂചന-ആത്മീയമായ അന്തസ്സും(റോയൽറ്റി), പവിത്രതയും നിറഞ്ഞ വ്യക്തിത്വത്തെ ധാരണ ചെയ്യൂ.**

വരദാതാവ്,വരദാനി എന്നീ രണ്ട് സംബന്ധങ്ങളും സമീപതയുടെയും സ്നേഹത്തിന്റെയും ആധാരത്തിൽ നിരന്തരമായി ഉണ്ടാകുന്നതിനൊപ്പം തന്നെ കമ്പൈൻഡ്രൂപത്തിൽ സ്ഥിതിചെയ്യുകയും ചെയ്താൽ പവിത്രതയുടെ ഛത്രഛായ സ്വാഭാവികമായി ലഭിക്കും. എവിടെ സർവ്വശക്തിവാനായ ബാബയുണ്ടോ അവിടെ അപവിത്രതക്ക് സ്വപ്നത്തിൽപ്പോലും വരാനാകില്ല. ഒറ്റക്കാകുമ്പോഴാണ് പവിത്രതയാകുന്ന സിന്ദൂരം ഇല്ലാതാകുന്നത്.